പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.309 — 20.06.2019 - ൽ മറുപടിയ്ക്ക്

## കാൻസർ ഇല്ലാത്ത രോഗിക്ക് കീമോ തെറാപ്പി നടത്തിയതിനെതിരെ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. അബ്ദുൽ ഹമീദ് പി. | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ ലാബിന്റെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാൻസർ ഇല്ലാത്ത രോഗിക്ക് കോട്ടയം മെഡിക്കൽ കോളേജിൽ കീമോ തെറാപ്പി നൽകിയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) മെഡിക്കൽ കോളേജിലെ ലാബിനുപകരം സ്വകാര്യ ലാബിനെ ആശ്രയിക്കേണ്ടി വന്നതിനുള്ള സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) സർക്കാർ ആശുപത്രികളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിനനുസരിച്ച് കൂടുതൽ ജനങ്ങൾ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. രോഗികളുടെ ബാഹുല്യം വളരെ അധികമാണ്. അതുകൊണ്ട് തന്നെ Biopsy Report കോട്ടയം മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിൽ തയ്യാറായി വരുമ്പോൾ രണ്ടാഴ്ചയിലധികം കാലതാമസം ഉണ്ടാകാറുണ്ട്. Locally Advanced Cancer ആയതിനാൽ ഇതിന്റെ പ്രസരണം തടയുന്നതിന് എത്രയും വേഗം ഉള്ള ചികിത്സ സഹായകരമാകും എന്നതിനാലും, രോഗിയുടെ പ്രായം കൂടി കണക്കിലെടുത്തും ഒരു സാമ്പിൾ പുറത്തെ ലാബിലേക്ക് അയയ്ക്കാൻ ഇടയായ സാഹചര്യമുണ്ടായിട്ടുള്ളതെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മെഡിക്കൽ കോളേജിലെ ലാബിൽ നിന്നും ലഭിച്ച ബയോപ്സി റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | Chronic Granulomatous Mastitis എന്ന റിപ്പോർട്ടാണ് മെഡിക്കൽ കോളേജിലെ പത്തോളജി ലാബിൽ നിന്നും ലഭിച്ചത്. ഇത് ക്യാൻസറുമായി വളരെയധികം അനുകരണീയമായ (mimic cancer) ഒരു രോഗാവസ്ഥയാണെന്ന് വിശദീകരിക്കുന്ന പല പഠന റിപ്പോർട്ടുകളും മെഡിക്കൽ ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | തെറ്റായ റിപ്പോർട്ട് നൽകിയ ലാബിനെതിരെയും തെറ്റായ ചികിത്സ വിധിച്ച ഡോക്ടർമാർക്കെതിരെയും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | ടി വിഷയം സംബന്ധിച്ച് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ തലത്തിൽ നടത്തിയ അന്വേഷണത്തിൽ ചികിത്സ നടത്തിയ ഡോക്ടർമാർക്ക് പിഴവുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തുടർന്ന് സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ